# കുടുംബശ്രീ

## വേങ്ങൂർ ഗ്രാമപഞ്ചായത്ത്

### കോവിഡ് കാല പ്രവർത്തന റിപ്പോർട്ട്

**ആമുഖം**

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്കിൽ കീഴിൽ വരുന്ന വേങ്ങൂർ പഞ്ചായത്തിലെ കുടുംബശ്രീ CDS 2003-ലാണ് പ്രവർത്തനമാരംഭിച്ചത്. ഈ കാലയളവിൽ കാര്യക്ഷമമായ പ്രവർത്തനശൈലിയിലൂടെ ഒരു നല്ല മാതൃകയാകാൻ CDS-ന് കഴിഞ്ഞിട്ടുണ്ട്. 15 വാർഡുകൾ ഉള്ള പഞ്ചായത്തിൽ 244 അയൽക്കൂട്ടങ്ങൾ, 16 ADS, 24 വയോജന അയൽക്കൂട്ടങ്ങൾ നിലവിൽ ഉണ്ട്. 117 കുടുംബങ്ങൾ ഉൾക്കൊള്ളുള്ള ഒരു ട്രൈബൽ കോളനിയും ഉണ്ട്.

കോവിഡ് 19 മഹാമാരി പടർന്ന് പിടിക്കുന്നത് തടയുവാൻ രാജ്യം മുഴുവൻ അടച്ചിട്ടിരിക്കുന്ന സാഹചര്യത്തിൽ കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ പ്രത്യേകം എടുത്തു പറയത്തക്കതാണ്. 'Break the Chain' ക്യാപയിൻ സർക്കാർ പ്രഖ്യാപിച്ചപ്പോൾ ക്യാപയിൻെറ ബോധവൽക്കരണ പരിപാടിയുമായി കുടുംബശ്രീ മുന്നോട്ടു പോകുകയുണ്ടായി. കൈകൾ സോപ്പോ, സാനിറ്റൈസറോ ഉപയോഗിച്ചു കഴുകി വൃത്തിയാക്കി വൈറസ് വ്യാപനം തടയുക എന്ന സന്ദേശം ഏവരിലേക്കും എത്തിക്കുന്നതിനായി പ്രത്യേകിച്ചും താഴെതട്ടിലേക്ക് പകർന്നു കൊടുക്കുവാൻ കുടുംബശ്രീക്ക് കഴിഞ്ഞു.

## കമ്മ്യൂണിറ്റി കിച്ചൻ / ജനകീയ ഹോട്ടൽ

കോവിഡ് – 19 വ്യാപനത്തിൻെറ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച ആശ്വാസനടപടികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റികിച്ചൻ ആരംഭിച്ചു. അഗതികൾക്കും, വയോജനങ്ങൾക്കും, അതിഥി തൊഴിലാളികൾക്കും സൗജന്യഭക്ഷണം എത്തിച്ചു നൽകുകയും CDS–ന് ഈ പ്രവർത്തനങ്ങളിൽ നല്ല പങ്കുവഹിക്കുവാൻ സാധിച്ചു. ജനകീയ ഹോട്ടലായി പ്രവർത്തനമാരംഭിച്ചത് 2020 മെയ് 4–നാണ്.



**സന്നദ്ധസേന**

കൊറോണ പ്രതിസന്ധിക്കാലത്തും സന്നദ്ധപ്രവർത്തനത്തിനായി മുന്നോട്ടുവരണമെന്നുള്ള സർക്കാറിന്റെ നിർദ്ദേശം എല്ലാ അയൽകൂട്ട അംഗങ്ങളിലേക്കും എത്തിയിട്ടുണ്ട്.

**വയോജനങ്ങൾക്കുള്ള പ്രത്യേകപ്രവർത്തനങ്ങൾ**

കൊറോണ കാലത്ത് വയോജനങ്ങളുടെ കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ട സാഹചര്യം ഉള്ളതിനാൽ അവർക്ക് പ്രത്യേകശ്രദ്ധ നൽകുകയും അവരുടെ ആവശ്യങ്ങൾ അറിയുകയും അത് ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് നടന്നത്.

**സ്നേഹിത കോളിംഗ് ബെൽ**

സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിൽ ഉൾപ്പെട്ട 12 ഗുണഭോക്താക്കളെ വിളിക്കുകയും അവരുടെ ആവശ്യങ്ങൾ മനസിലാക്കുകയും, അവർക്ക് വേണ്ടിയുള്ള സേവനങ്ങൾ പഞ്ചായത്ത് മുഖേന എത്തിക്കുകയും ചെയ്തു. 9–ാം വാർഡിലെ ഗുണഭോക്താവായ സാറാമ്മ മത്തായിക്ക് മരുന്ന് എത്തിച്ചു കൊടുക്കുകയും ചെയ്തു. ഇത്തരത്തിൽ ഉള്ള ഇടപെടലുകൾ ലോക്ഡൗൺ സമയത്തു അവർക്ക് ആശ്വാസകരമായിരുന്നു.

**DFK കുടുംബാംഗങ്ങൾക്ക് വേണ്ടി നിരീക്ഷണസർവ്വേ**

കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 60 വയസ്സിന് മുകളിലുള്ളവർക്കായി കുടുംബശ്രീ മിഷൻ നിരീക്ഷണ സർവ്വേ നടത്തി. R.P മാരുടെ സഹായത്തോട് കൂടി ഗുണഭോക്താക്കളെ ഫോണിൽ ബന്ധപ്പെട്ട് അവരുടെ കാര്യങ്ങൾ ചോദിച്ചു മനസിലാക്കുകയും ചെയ്തു. ഭക്ഷണം മരുന്ന് മറ്റ് അവശ്യവസ്തുക്കൾ ലഭ്യമാകുന്നുണ്ടോ എന്ന് നാലുഘട്ടങ്ങളായി നമ്മുടെ ഈ പഞ്ചായത്തിൽ ഇത്തരത്തിൽ സർവ്വേ നടത്തുകയും ഭക്ഷണത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി കിച്ചനിൽ നിന്നും ഭക്ഷണം എത്തിച്ചുകൊടുക്കുകയും ചെയ്തു. മരുന്ന് കിട്ടാത്ത സാഹചര്യത്തിൽ PHC -യിൽ നിന്നും നീതിസ്റ്റോറുകളിൽ നിന്നും മരുന്ന് എത്തിച്ചു കൊടുത്തു.

ഏഴാം വാർഡിലെ തീരെ കിടപ്പിലായ വെറോണിക്ക അമ്മയ്ക്ക് പാലിയേറ്റീവ് സേവനം ലഭ്യമാക്കുകയും മകന് കമ്മ്യൂണിറ്റികിച്ചനിൽ നിന്നും ഭക്ഷണം എത്തിച്ചുകൊടുക്കുകയും ചെയ്തു. കൂടാതെ അവർക്ക് വേണ്ട വസ്ത്രങ്ങൾ മറ്റ് അവശ്യവസ്തുക്കൾ ലഭ്യമാക്കി. കൂടാതെ കിഡ്നി സംബന്ധമായ അസുഖമുള്ള രോഗിക്ക് മരുന്ന് പുറമേ നിന്ന് എത്തിച്ചു കൊടുക്കുകയും ചെയ്തു. ഇത്തരത്തിലുള്ള സേവനങ്ങൾ നിരീക്ഷണ സർവ്വേയിലൂടെ ലഭ്യമാക്കി കൊടുക്കുകയും ചെയ്തു.



**CMLHS പദ്ധതി**

കോവിഡ് കാലത്തെ പ്രതികൂല സാഹചര്യങ്ങളെ മറികടക്കാൻ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി പലിശരഹിത വായ്പ നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ച പ്രകാരം 185 അയൽക്കൂട്ടങ്ങളായി 1,63,90,000 രൂപയുടെ അപേക്ഷ കിട്ടിയിട്ടുണ്ട്.

## വാട്ട്സ്അപ്പ് പ്രവർത്തനങ്ങൾ

ലോക്ഡൗൺ മൂലം അടച്ചിടേണ്ട സാഹചര്യങ്ങൾ മൂലം കുടുംബശ്രീയുടെ വിവിധ മേഖലയിലുള്ള പ്രവർത്തനങ്ങൾ സമൂഹമാധ്യമങ്ങൾ വഴി പ്രത്യേകിച്ച് വാട്ട്സ്അപ്പ് കേന്ദ്രീകരിച്ചാണ് നടന്നത്.

1) ബാലസഭ കുട്ടികൾക്കായി 'ഞാനും എൻെറ മുത്തശ്ശിയും.'

2) സൈബർ അരങ്ങ് – എൻെറ കവിത, നല്ല പാട്ടുകാരി, ചിത്രം വിചിത്രം തുടങ്ങിയ മൽസരങ്ങൾ.

3) ബാലസഭ കുട്ടികൾക്കായി 'വലിയലോകവും ചെറിയ കുട്ടികളും'- ചലഞ്ച്.

4) BUDS/BRC കുട്ടികൾക്കായി വിവിധ പരിപാടികൾ.

5) 'ജാക്ക് ഫ്രൂട്ട് ചലഞ്ച്' – ചക്ക ഉപയോഗിച്ചുള്ള പാചകമൽസരം.

6) കുടുംബശ്രീ അംഗങ്ങളായ വീട്ടമ്മമാർക്ക് പങ്കെടുക്കാൻ പച്ചക്കറി ചലഞ്ച് – 'എൻെറ മണ്ണ് എൻെറ അടുക്കളക്ക് എൻെറ പച്ചക്കറി'.

7) പ്രത്യേക അയൽക്കൂട്ടയോഗങ്ങൾ കൂടുന്നതിന് 'സൈബർ ജാലകം'.

8) Face book link ജില്ലാമിഷൻെറ ഔദ്യോഗിക Face Book Page.

9) സന്നദ്ധസേന Online Portal.

10) 'എൻെറ കുടുംബശ്രീ അനുഭവങ്ങൾ' – വീഡിയോ, ലേഖനം

11) ബാലസഭ കുട്ടികൾക്കായി 'നമുക്ക്ചുറ്റും' എന്ന മൽസരം സംഘടിപ്പിക്കുന്നു.

**കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ**

ബാലസഭ മുഖേന ബോധവൽക്കരണ പരിപാടികൾ ആവിഷ്ക-രിക്കുകയും ഓരോ ജില്ലയിലും വ്യത്യസ്തമായ പരിപാടികളാണ് ഈ സമയത്ത് നടത്തിയത്.

**സർഗം**

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ബാലസഭ കുട്ടികൾക്കായി 'നമുക്ക് ചുറ്റും' എന്ന മത്സരം സംഘടിപ്പിക്കുന്നു. നമുക്ക് ചുറ്റിനുമുള്ള പരിസ്ഥിതിക്ക് ഗുണകരമായ ഏതെങ്കിലും സൃഷ്ടികൾ ഉണ്ടാക്കി അയക്കണം.

**ഞാനും എൻെറ മുത്തശ്ശിയും**

കേരളത്തിലൊട്ടാകെ ലോക്ക്ഡൗൺ മുഖാന്തിരം കോവിഡിനെ പ്രതിരോധിക്കുന്ന ഈ സമയത്ത് ഏറ്റവും അധികം ശ്രദ്ധകൊടുക്കേണ്ടത് നമ്മുടെ മുത്തശ്ശി മുത്തശ്ശൻമാർക്കുമാണ്. രോഗം

വരാതെ ഏറ്റവുമധികം ശ്രദ്ധ കൊടുക്കേണ്ടത് അവരെയാണ്. ഇത്തരത്തിൽ ഒരു കരുതൽ ഉൾക്കൊണ്ട് കുടുംബശ്രീ മിഷൻ പ്രത്യേകശ്രദ്ധ ചെലുത്തുന്ന മേഖലയായതിനാലും ബാലസഭ കുട്ടികളെ അവരവരുടെ വീട്ടിലെ പ്രായമായവരും കോവിഡ്–19 പ്രോട്ടോക്കോൾ പാലിച്ച് പരമാവധി സംവദിക്കുന്നതിനു വേണ്ടി കുട്ടികൾക്കായി ഹ്രസ്വചിത്രമത്സരം സംഘടിപ്പിച്ചും ഈ പഞ്ചായത്തിൽ നിന്നും 2 മിനിറ്റ് ദൈർഘ്യമുള്ള ഹ്രസ്വചിത്രം അയച്ചു തന്നിരുന്നു. ഓരോ ബ്ലോക്കിലെയും മികച്ച ഒരു ഹ്രസ്വചിത്രം തിരഞ്ഞെടുത്ത് ജില്ലാമത്സരത്തിൽ പങ്കെടുപ്പിക്കുന്നതാണ്.

**ബാലസഭ – 'വലിയലോകവും ചെറിയകുട്ടികളും'**

10 വയസ്സിനും 15 വയസ്സിനും ഇടയിലുള്ള ബാലസഭ കുട്ടികൾക്കായി 5 ചോദ്യങ്ങൾ/പസിൽ അടങ്ങിയ ചലഞ്ചുകൾ നടത്തി. ഈ പഞ്ചായത്തിൽ നിന്നും കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. അഞ്ചാംഘട്ട ചലഞ്ച് ഫൈനൽ മൽസരം ലോക്ഡൗണിന് ശേഷം നടത്തുന്നു.

**സൈബർ ജാലകം**

കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രത്യേക അയൽക്കൂട്ടയോഗം കൂടുവാൻ തീരുമാനിച്ചു. എല്ലാ അയൽക്കൂട്ടാംഗങ്ങളും May 17–ന് അവരവരുടെ വീടുകളിൽ ഇരുന്ന് സോഷ്യൽ മീഡിയ സങ്കേതമായ വാട്ട്സ്അപ്പ്, ഗൂഗിൾ ഫോം മുതലായവയിലൂടെ ഒരു അയൽക്കൂട്ടയോഗം നടത്തി. 'സൈബർജാലകം' എന്ന് പേര്

നൽകിയിരിക്കുന്നു. ഈ പരിപാടിയിൽ കുടുംബശ്രീ CDS-ൽ നിന്നും 606 അയൽക്കൂട്ടാംഗങ്ങൾ പങ്കെടുത്തു.

**Face Book Link**

കുടുംബശ്രീ ജില്ലാമിഷൻെറ Face Book Link-ന് വേണ്ട പ്രചാരം നൽകി പരമാവധി ആളുകളെ Followers ആക്കി പ്രവർത്തനങ്ങൾ സമൂഹത്തിൻെറ എല്ലാ ഭാഗങ്ങളിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. അതിന് വേണ്ടി CDS മുൻകൈയെടുത്തിട്ടുണ്ട്.

**DDU-GKY**

കോവിഡ് കാലത്ത് DDU-GKY- പഠിച്ചുകൊണ്ടിരിക്കുന്നവരുടേയും ജോലി കിട്ടിയവരേയും ബ്ലോക്ക് കോർഡിനേറ്റർ നേരിട്ട് വിളിച്ച് അവരുടെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുകയും അത് ജില്ലാമിഷനിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

**MKSP**

'എൻെറ മണ്ണ് എൻെറ അടുക്കളക്ക് എൻെറ പച്ചക്കറി' – കുടുംബശ്രീ അംഗങ്ങളായ വീട്ടമ്മമാർക്ക് പങ്കെടുക്കുന്നതിനായി പച്ചക്കറി ചലഞ്ച് സംഘടിപ്പിച്ചു. 26 അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്തു.

**ജാക്ക്ഫ്രൂട്ട് ചലഞ്ച്**

ജില്ലാമിഷൻ കുടുംബശ്രീ അംഗങ്ങൾക്കായി 'ചക്ക' ഉപയോഗിച്ചുള്ള വിവിധ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കുന്ന ചലഞ്ച് സംഘടിപ്പിച്ചു. ചക്ക ഉപയോഗിച്ചുള്ള നാടൻ തനിമയാർന്ന വിഭവങ്ങൾ

ഒരുക്കുക എന്നതാണ് ഈ ചലഞ്ച് കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ വീട്ടമ്മമാർ പങ്കെടുത്തു.

**പ്രത്യേക ഇടപെടലുകൾ**

കൊറോണക്കാലത്ത് CDS ന്റെ ഓരോ മേഖലയിലുള്ള ഇടപെടലുകൾ പ്രധാനമാണ്. പഞ്ചായത്തിലെ കോവിഡ് നിരീക്ഷണകേന്ദ്രത്തിൽ ദിവസേനയുള്ള ക്ലീനിംഗ് ജോലികൾ നിർവഹിക്കുന്നത് ഹരിതകർമ്മസേനയിലെ കുടുംബശ്രീ അംഗങ്ങളാണ്. ലോക്ഡൗൺ കാലത്ത് മഴക്കാലവിപണി ലഭ്യമാക്കി കുടനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന BUDS സ്കൂളിലെ കുട്ടിയും അമ്മയും അതും സവിശേഷത നിറഞ്ഞ കാര്യമാണ്. മറ്റൊന്ന് സ്പെഷ്യൽ അയൽകൂട്ടത്തിൽ നിന്നുള്ള അംഗം പച്ചക്കറി കൃഷി ചെയ്യുകയും പച്ചക്കറികൾ ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. കുടുംബശ്രീ യൂണിറ്റ് മാസ്ക് നിർമ്മിച്ച് പഞ്ചായത്തിൽ കൊടുത്തു. അതുംപോലെ അംഗങ്ങൾക്ക് കൊടുക്കുകയും ചെയ്തു.


2020 ഏപ്രിൽ 25 ശനി

മലയാള മനോരമ

## പ്രതീക്ഷയുടെ കുടക്കീഴിൽ അമ്മയും മകനും

കുറുപ്പംപടി • ഈ അമ്മയ്ക്കും മകനും ലോക്ഡൗൺ കാലത്തും വിശ്രമമില്ല. മഴക്കാല വിപണി ലക്ഷ്യമിട്ടു കുട നിർമാണത്തിൽ ഏർപ്പെട്ടിരിക്കുകയാണു വേങ്ങൂർ പഞ്ചായത്ത് ആശാഭവൻ ബഡ്സ് സ്കൂളിലെ വിദ്യാർഥിയും ത്രിവേണി സ്വദേശിയുമായ കിരണും അമ്മ പ്രീതിയും.

ഉപജീവനമാർഗം കണ്ടെത്താനുള്ള കുടുംബശ്രീ മിഷന്റെ ദാരിദ്ര്യനിർമാർജന പദ്ധതിപ്രകാരമാണു കുടനിർമാണം.

വേങ്ങൂർ പഞ്ചായത്തിന്റെയും സിഡിഎസിന്റെയും സഹകരണത്തോടെ സ്കൂൾ പ്രിൻസിപ്പൽ പി.ജെ.ലീലാമണിയുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും സഹകരണത്തോടെ അമ്മമാരുടെ ഒരു യൂണിറ്റ് സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

ലോക്ഡൗൺ കാലത്തു കുട്ടികൾ വീട്ടിൽ അടച്ചിരിക്കുമ്പോഴുണ്ടാകുന്ന വിരസത ഒഴിവാക്കാൻ രക്ഷാകർത്താക്കളുടെ വാട്സാപ് വഴി കുട്ടികൾക്ക് ഓരോ ടാസ്കുകൾ നൽകി പരിശീലനം നൽകുകയാണ്.






**വിവിധ വകുപ്പുകളുമായി സഹകരിച്ച പ്രവർത്തനങ്ങൾ**

Beak the Chain ക്യാമ്പയിൻെറ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ചും കുടുംബശ്രീ താഴെതട്ടിലേക്ക് കോവിഡ് ബോധവൽക്കരണ പരിപാടികൾ നടത്തി. പഞ്ചായത്തുമായി സഹകരിച്ച് കമ്മ്യൂണിറ്റി കിച്ചണിൻെറ പ്രവർത്തനത്തിൽ വളരെ സഹകരിച്ചു. അഗതികൾക്കും, അതിഥിതൊഴിലാളികൾക്കും ഭക്ഷണം എത്തിക്കുകയും ചെയ്തു. വേങ്ങൂരിലെ പട്ടികവർഗകോളനിയിൽ പോലീസ് ഭക്ഷ്യകിറ്റുകൾ എത്തിച്ചു കൊടുത്തു. അവശ്യമരുന്ന് ലഭ്യമാകാത്ത അവസരത്തിൽ ഫയർഫോഴ്സ് മരുന്ന് രോഗിക്ക് എത്തിച്ചും നൽകി. പോതു വിതരണ മേഖലയുമായി ബന്ധപ്പെട്ട് 50 കുടുംബശ്രീ പ്രവർത്തകർ സപ്ലൈകോ പാക്കിംഗിന് വേണ്ടി പ്രവർത്തിച്ചു.



**നിർദ്ദേശങ്ങൾ**

1) മാസ്ക്, സാനിറ്റൈസർ ആവശ്യത്തിനനുസരിച്ചുള്ള നിർമ്മാണവും, വിതരണവും.

2) JLG കൊണ്ട് കൂടുതൽ കൃഷി ചെയ്യുകയും സംരഭകരെ കൊണ്ട് കൂടുതൽ സംരംഭങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുക. അതിന് ശേഷം വാർഡ് തലത്തിൽ വാട്സ്അപ്പ് ഗ്രൂപ്പ് ഒണ്ടാക്കി പല ഗ്രൂപ്പുകളെ കണ്ടെത്തി ഫസ്റ്റ്, സെക്കൻറ് സമ്മാനങ്ങൾ കൊടുക്കുക. വിപണനം സാദ്ധ്യമാക്കാൻ സഹകരണ ബാങ്കുകളുമായി ചർച്ച നടത്തിയിട്ടുണ്ട്.

**ഉപസംഹാരം**

കോവിഡ് കാലത്ത് കുടുംബശ്രീക്ക് തനതായ പ്രവർത്തനങ്ങൾ കാഴ്ച വക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് ആരോഗ്യവകുപ്പുമായിസഹകരിച്ച് 'Break the Chain' ഉൾപ്പെടെയുള്ള കൊറോണ ബോധവൽക്കരണ പരിപാടികൾ ഭംഗിയായി നടത്തുവാൻ സാധിച്ചു. വയോജനങ്ങൾക്ക് വേണ്ടി അതീവശ്രദ്ധ കൊടുക്കുകയും അവരുടെ കാര്യങ്ങളിൽ ഇടപെടുകയും സേവനങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്തതിൽ കുടുംബശ്രീ അംഗങ്ങളുടെ ഇടപെടലുകൾ ശ്ലാഘനീയമാണ്. കമ്മ്യൂണിറ്റി കിച്ചണിൽ നിന്ന് ജനകീയ ഹോട്ടലിലേക്കുള്ള പ്രയാണത്തിൽ അഗതികൾക്കും, അതിഥിതൊഴിലാളികൾക്കും, വയോജനങ്ങൾക്കും ഭക്ഷണം കൊടുക്കുന്നതിലും CDS ന്റെ ഇടപെടലുകൾ എടുത്തുപറയത്തക്കമുള്ളതാണ്. ഇത്തരത്തിൽ സമസ്ത മേഖലയിലും ഇക്കാലയളവിൽ കുടുംബശ്രീക്ക് ശ്രദ്ധപതിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

# അനുഭവക്കുറിപ്പുകൾ





**റിപ്പോർട്ട് സമർപ്പിക്കുന്നത്**

**സുമൻ.പി.എസ്**
**ബ്ലോക്ക് കോർഡിനേറ്റർ**
**SD & DDU-GKY**
**കൂവപ്പടി ബ്ലോക്ക്**

**ജാൻസി.പി.ഡി**
**സി.ഡി.എസ്.ചെയർപേഴ്സൻ**
**വേങ്ങൂർ ഗ്രാമപഞ്ചായത്ത്**